പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 252 — 08.06.2015 ൽ മറുപടിക്ക്

## അന്യസംസ്ഥാനത്തൊഴിലാളികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ജോലിക്കായി വരുന്നവർ ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കൊലപാതകം, മോഷണം, നിരോധിത ഉൽപന്നങ്ങളുടെ വിൽപന എന്നിവയുമായി ബന്ധപ്പെട്ട് അന്യസംസ്ഥാനത്തൊഴിലാളികൾ പ്രതികളായ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) കൊലപാതകം -49<br>മോഷണം - 240<br>നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ടവ - 173 |
| (സി) ഇതിൽ എത്ര പേർ പിടിക്കപ്പെട്ടു ; എത്ര പേർ പിടിക്കപ്പെടാനുണ്ട് എന്ന് വ്യക്തമാക്കുമോ ; | (സി) പിടിക്കപ്പെട്ടവർ - 625<br>പിടിക്കപ്പെടാനുള്ളവർ - 18 |
| (ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്ന് താമസിക്കുന്നവരുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഓരോ പോലീസ് സ്റ്റേഷനിലും സംവിധാനം ഏർപ്പെടുത്തുമോ ; | (ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന് താമസിക്കുന്ന തൊഴിലാളികളുടെ പേര്, മേൽവിലാസം, ഫോട്ടോ, ഫോൺ നമ്പർ, നിലവിലെ താമസസ്ഥലത്തെ വിലാസം തുടങ്ങിയവ ഉൾപ്പെട്ട രജിസ്റ്റർ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ട്. ടി രജിസ്റ്ററിലെ വിവരങ്ങൾ യഥാസമയം പുതുക്കുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും അവരുമായി ബന്ധപ്പെട്ട വ്യക്തികളെയും സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്. |
| (ഇ) അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ? | ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കെട്ടിക ഉടമകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Rajani M

സെക്ഷൻ ഓഫീസർ